## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1950** **11.06.2018-ലെ മറുപടിയ്ക്ക്**

### വൻകിട പദ്ധതികളുടെ നിർമ്മാണ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഈ സർക്കാർ തുടങ്ങിയതും പൂർത്തിയാക്കിയതുമായ വൻകിട പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | (എ) | തുടങ്ങിയതും പുരോഗമിച്ചുവരുന്നതുമായ പദ്ധതികൾ<br>• കൊച്ചി വാട്ടർ മെട്രോ<br>• ശബരിമല വിമാനത്താവളം<br>• അഴീക്കൽ തുറമുഖം<br>• മലനാട് ക്രൂയിസ്<br>• കെ-ഫോൺ<br>• ശബരിമല ഇടത്താവളം<br>• ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി<br>• എൽ.ഇ.ഡി മിഷൻ<br>• ഹരിതകേരളം മിഷൻ<br>• ആർദ്രം<br>• ലൈഫ് പാർപ്പിടപദ്ധതി<br>• 141 അന്താരാഷ്ട്ര സ്കൂളുകൾ, 45,000 സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവ ഉൾപ്പെട്ട പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം<br>• ആലപ്പുഴ, കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്<br>• മലയോര തീരദേശ ഹൈവേ<br>• 8 ജില്ലകളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ<br>• തിരുവനന്തപുരം സ്മാർട്ട് സിറ്റി<br>• നിസ്സാൻ ഗ്ലോബൽ ഡിജിറ്റൽ ഹബ്ബ്<br>• കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതാ വികസനം |

| | | | |
|---|---|---|---|
| | | | • 14 ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ<br>• റെയിൽവേ വികസനത്തിനായി റെയിൽവേയുമായി ചേർന്ന് കേരള റെയിൽ ഡെവലപ്മെന്റ് കേർപ്പറേഷൻ<br>• മാഹി-തലശ്ശേരി ബൈപാസും, കോഴിക്കോട് ബൈപാസ് വീതികൂട്ടലും (കേന്ദ്ര സഹായത്തോടെ)<br>പുനരാരംഭിച്ച പദ്ധതികൾ<br>• ഗെയ്ൽ<br>• ഇടമൺ, കൊച്ചി ലൈൻ<br>• സിറ്റി ഗ്യാസ് വിതരണ പദ്ധതി<br>• ആലപ്പുഴ, കൊല്ലം ബൈപാസുകൾ<br>• ദേശീയ ജലപാത |
| (ബി) | വിഴിഞ്ഞം തുറമുഖ പദ്ധതി, തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ, കണ്ണൂർ എയർപോർട്ട് എന്നിവ നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള പുരോഗതി വിശദമാക്കുമോ; | (ബി) | <u>വിഴിഞ്ഞം തുറമുഖ പദ്ധതി</u><br>നിർമ്മാണ പ്രവർത്തികൾ-600 മീറ്റർ നീളത്തിൽ കടൽഭിത്തി (Break water) നിർമ്മാണം 33 ഹെക്ടർ കണ്ടെയ്നർ യാർഡ് പുനരുപയുക്തമാക്കൽ, 183 എണ്ണം തൂണുകളുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. ബർത്തിനാവശ്യമായ കോൺക്രീറ്റ് പ്രീകാസ്റ്റിംഗ് പ്രവർത്തികൾ, അതിർത്തി ഭിത്തികളുടെ നിർമ്മാണം, 2 കി.മീ ദൈർഘ്യമുള്ള റോഡിനായുള്ള നിർമ്മാണത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br>പശ്ചാത്തല സൗകര്യ പ്രവർത്തനങ്ങൾ-വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം, 11 കെ.വി വൈദ്യുതലൈനിന്റെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. കാട്ടാക്കട പവർ സ്റ്റേഷനിൽ നിന്നും വിഴിഞ്ഞം പവർ സ്റ്റേഷൻ വരെയുള്ള 220 കെ.വി ലൈൻ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. തുറമുഖത്ത് നിന്നും ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ ബന്ധം നടപ്പിലാക്കുന്നതിനുള്ള ഉടമ്പടി ഒപ്പ് വച്ചു..<br>ഭൂമി ഏറ്റെടുക്കൽ-പദ്ധതിക്കാവശ്യമായ റവന്യൂ ഭൂമിയുടെ 92 ശതമാനവും (84.61 ഹെക്ടർ) ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി ഭൂമി ഏറ്റെടുക്കൽ പ്രവർത്തനം പുരോഗമിക്കുന്നു.<br>ഇതുവരെ 22.75 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | <u>തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ</u><br>2017 ആഗസ്റ്റിൽ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച പുതുക്കിയ മെട്രോ നയത്തിനനുസൃതമായി തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദ രേഖകളിൽ (DPR) ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2017 ഡിസംബറിൽ DMRC കേരള സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു. പുതുക്കിയ പദ്ധതി രേഖകൾ ധനവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സെക്രട്ടറിതല സമിതി പരിശോധിച്ചു വരികയാണ്. അന്തിമതീരുമാനം എടുത്തിട്ടില്ല.<br><u>കണ്ണൂർ എയർപോർട്ട്</u><br>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേയും ഏപ്രണും (വിമാന പാർക്കിംഗ് ഏരിയ) പൂർത്തിയായി. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ ലൈസൻസ് ലഭിക്കുന്നതോടുകൂടി പ്രവർത്തനക്ഷമമാകും. പാസ്സഞ്ചർ ടെർമിനൽ ബിൽഡിംഗും അനുബന്ധ പ്രവർത്തികളും പൂർത്തിയായി. എയർ ട്രാഫിക് കൺട്രോൾ ടവറിന്റെ പ്രവർത്തി പൂർത്തിയാക്കി എയർപോർട്ട് അതോറിറ്റിക്ക് ഉടൻ കൈമാറും. കാർഗോ കോംപ്ലക്സ്, സി.ഐ.എസ്.എഫ് ബാരക്ക്, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. ഏകദേശം ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതാണ്. പാരലൽടാക്സി ട്രാക്ക് നിർമ്മാണം പൂർത്തിയായി, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഇൻസ്ട്രുമെന്റ് ലാന്റിംഗ് സിസ്റ്റം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ഡയറക്ടർ ഓഫ് സിവിൽ ഏവിയേഷന്റെ പ്രീ-ലൈസൻസിംഗ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. വിമാനത്താവളം 2018 ൽ തന്നെ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരം - കാസർഗോഡ് ഹൈസ്പീഡ് റെയിൽ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണ്; ഈ പദ്ധതിക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചു; | (സി)- | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 510 കി.മീ ദൂരത്തിൽ സെമിഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമെ മൂന്നും നാലും പാത എന്ന പദ്ധതി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. |
| (ഡി) | പ്രസ്തുത പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി ഉപേക്ഷിക്കുവാനുള്ള കാരണമെന്താണെന്നും അതിന് ബദലായി ആവിഷ്കരിച്ച പുതിയ പദ്ധതിയെന്തെന്നും വിശദമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും 2017 ഡിസംബർ അവസാനത്തോടുകൂടി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ ചെലവും സങ്കീർണ്ണതയും കണക്കിലെടുത്ത് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്ര ഗവൺമെന്റിനു സമർപ്പിക്കുവാൻ റെയിൽവെ ബോർഡ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിലേക്കുള്ള കേരള റെയിൽ ഡവലപ്മെന്റ് കേർപ്പറേഷന്റെ നടപടിക്രമങ്ങൾ. അന്തിമഘട്ടത്തിലാണ്. തിരുവനന്തപുരത്തിനും, കാസർഗോഡിനുമിടയിൽ 627 വളവുകൾ ഉള്ളതിനാലും ഇവ വേഗതയെ ബാധിക്കുമെന്നതിനാലും ഹൈസ്പീഡ് റെയിൽപദ്ധതി സെമിഹൈസ്പീഡ് പദ്ധതിയാക്കി മാറ്റിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**